LIBRARY ARCHIVES Kerala Legislative Assembly

കല്യാശ്ശേരി പുരക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ്

207 (872) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ ഏര്യംപുഴയ്ക്ക് കുറുകെ പുരക്കടവ് എന്ന സ്ഥലത്ത് റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ചെറുകിട ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; നബാർഡിന്റെ RIDF 21-ൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ ഏര്യംപുഴയ്ക്ക് കുറുകെ പുരക്കടവിൽ നിർമ്മിക്കുന്ന റഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു പ്രസ്തുത പ്രവൃത്തിയുടെ ഡിസൈനിംഗ് പുരോഗമിക്കുന്നു. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാകുമ്പോൾ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

എലത്തൂരിൽ മാട്ടുവയലിൽ കടൽഭിത്തി പുനർനിർമ്മാണം

208 (873) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂരിൽ മാട്ടുവയലിൽ കടൽഭിത്തി തകർന്നത് പുനർനിർമ്മിക്കുന്നതിനായി 7-5-2015-ൽ തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗ തീരുമാന പ്രകാരം കടൽഭിത്തി നിർമ്മാണത്തിന് എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത പ്രവൃത്തിക്ക് എത്ര രൂകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളതെന്നും ജനങ്ങളുടെ സുരക്ഷയെക്കരുതി എത്രയും പെട്ടെന്ന് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 21-5-2015-ാം തീയതി സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ലഭിച്ച 59 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്.